**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവകലാശാല പരീക്ഷകൾ - 2019 ഡിസംബറിൽ നടന്ന സെമസ്റ്റർ III ബി ടെക് (CPAS) (2015 അഡ്മിഷൻ മുതൽ ഇമ്പ്രൂവ്മെന്റ് / സപ്ലിമെന്ററി) പരീക്ഷയുടെ പോളിമർ എഞ്ചിനീയറിംഗ് ബ്രാഞ്ചിലെ Basics of Organic Chemistry എന്ന വിഷയത്തിന്റെ പരീക്ഷ റദ്ദുചെയ്യുന്നതിനും, പുനഃപരീക്ഷ നടത്തുന്നതിനുമുള്ള സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം ബി 7 സെക്ഷൻ**

നമ്പർ. 254/EB 7/2021/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 13.01.2021

---

*പരാമർശം:*-1. 31.12.2020 -ൽ ചേർന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് - ഇനം നമ്പർ. 55/20.06/DDFS-31742/EB7/1/2020

**ഉത്തരവ്**

2019 ഡിസംബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി ടെക് (സീപാസ്) പരീക്ഷയുടെ പോളിമർ എഞ്ചിനീയറിംഗ് ബ്രാഞ്ചിലെ Basics of Organic Chemistry എന്ന വിഷയത്തിന്റെ ചോദ്യപേപ്പറിൽ സിലബസ്സിനു പുറത്തുനിന്ന് ചോദ്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ട് എന്ന് പരീക്ഷാസമിതി ചെയർപേഴ്സൺ അറിയിച്ചിരുന്നു. ഈ വിഷയം പ്രീ വാല്യുവേഷൻ ബോർഡ് വിശദമായി പരിശോധിക്കുകയും, കൂടുതൽ മാർക്കിന്റെ ചോദ്യങ്ങളും സിലബസ്സിന് പുറത്തുനിന്നാകയാൽ പ്രസ്തുത പരീക്ഷ വീണ്ടും നടത്തണമെന്ന് ബോർഡ് അഭിപ്രായപ്പെടുകയും ചെയ്തിരുന്നു. പ്രീ വാല്യുവേഷൻ ബോർഡ് ശിപാർശ ബഹുമാനപ്പെട്ട വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം സിൻഡിക്കേറ്റിനു മുൻപാകെ സമർപ്പിച്ചിരുന്നു.

പ്രസ്തുത വിഷയം പരിഗണിച്ച്, മേൽസൂചന പരീക്ഷയിലെ കൂടുതൽ ചോദ്യങ്ങളും സിലബസ്സിന് പുറത്തുനിന്നകയാൽ പരീക്ഷ റദ്ദുചെയ്യുന്നതിനും, പരീക്ഷാഫീസ് ഈടാക്കാതെ വീണ്ടും പരീക്ഷ നടത്തണമെന്നുള്ള പ്രീ വാല്യുവേഷൻ ബോർഡിൻറെ നിർദ്ദേശം എത്രയും പെട്ടെന്ന് നടപ്പിലാക്കുന്നതിനും മേൽ പരാമർശ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

ശ്രീകൃഷ്ണകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

Draft #3 of File 31742/EB 7-1/2020/EB 7 Approved by ASSISTANT REGISTRAR XI (EXAM) on 12-Jan-2021 01:20 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

1. വൈസ് ചാൻസലർ/ പ്രോ -വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2 . രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ .മാർ .
3 .ഇ . എ . 1 / ഇ . എ .2 / AR XI / AR XXI
4 . JR I/ JR II/ DR II/ AR III/EI 32/EJ I
5. ചെയർപേഴ്സൺ , S 3 ബിടെക്(സീപാസ് )
6. CE Section/ACC I/ACC II
7. ഐ .ക്യൂ .എ .സി ./ കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
8 . ഫയൽകോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 31742/EB 7-1/2020/EB 7 Approved by ASSISTANT REGISTRAR XI (EXAM) on 12-Jan-2021 01:20 PM - Page 2